# Malayala Manorama

# 18 June 2018

# Kochi: Heavy rain, Flood



## കനത്ത മഴയിൽ പടിഞ്ഞാറൻ കൊച്ചി മുങ്ങി

മഴയിൽ മട്ടാഞ്ചേരി പ്രദേശത്തെ റോഡ് വെള്ളത്തിലായപ്പോൾ

**മട്ടാഞ്ചേരി** ▸ വ്യാഴാഴ്ച പെയ്ത കനത്ത മഴയിൽ പടിഞ്ഞാറൻ കൊച്ചിയിലെ താഴ്ന്നപ്രദേശങ്ങളൊക്കെ മുങ്ങി. തോടുകളും കാനകളും നിറഞ്ഞുകവിഞ്ഞതോടെ റോഡും തോടും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയായി പലയിടത്തും.

നസ്റത്ത്, സുജാത റോഡ്, കൊച്ചിൻ കോളേജ് റോഡ്, കൂവപ്പാടം, ചുള്ളിക്കൽ, പാണ്ടിക്കുടി, ടൗൺഹാൾ റോഡ്, ഈരവേലി, കരിപ്പാലം, നാഥം കമ്പനി ജങ്ഷൻ, തോപ്പുംപടി പള്ളിച്ചാൽ റോഡ് തുടങ്ങിയിടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായിരുന്നു.

നിരവധി വീടുകളിൽ വെള്ളം കയറി. പലരുടേയും ഗൃഹോപകരണങ്ങൾ നശിഞ്ഞു. തോടുകളിലും ഓടകളിലും കെട്ടിക്കിടന്ന മാലിന്യങ്ങൾ റോഡിലേക്ക് ഒഴുകി. ഐലൻഡ് നോർത്ത് എൻഡിലും സെൻട്രൽ സ്കൂളിന് സമീപവും മരം വീണു.